LIBRARY ARCHIVES Kerala Legislative Assembly

പുതിയ വിവരസാങ്കേതിക സ്ഥാപനങ്ങൾ

204(2406) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ വിവരസാങ്കേതിക സ്ഥാപനങ്ങൾ ആരംഭിച്ചുവെന്ന് അറിയിക്കാമോ; എവിടെയെല്ലാമാണ് സ്ഥാപിച്ചത്?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾ

205(T*2407) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ സേവനങ്ങൾക്ക് ഉയർന്ന ഫീസുകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; ഇത് സംബന്ധിച്ച് പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ അഭിപ്രായം തേടാറുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ പരാതിയും സേവന നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളെ സംബന്ധിച്ചവയാണ്. എന്നാൽ ചുരുക്കം ചില അക്ഷയ കേന്ദ്രങ്ങൾ സേവനനിരക്ക് നിജ്ഞയിച്ചിട്ടുള്ളവയ്ക്കും അമിത ചാർജ്ജ് ഈടാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം അക്ഷയ കേന്ദ്രങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4 ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായും കോർപ്പറേഷന്റെ പ്രമേയവും അനുസരിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 2 കി.മീ. ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഒരു ത്രിതല തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് (ആപ്ലിക്കേഷൻ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സ്ക്രീനിംഗ്, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ) അക്ഷയസംരംഭകരെ തിരഞ്ഞെടുക്കുന്നത്. പ്ലസ് ടു വോ തത്തുല്യ യോഗ്യതയുള്ള 18 വയസു പൂർത്തിയാക്കിയ ആർക്കു വേണമെങ്കിലും ഇതിനായി അപേക്ഷിക്കാവുന്നതാണ്. അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി കുറഞ്ഞത് 300 സ്വകയർ ഫീറ്റ് ചുറ്റളവുള്ള ഒരു മുറിയും, 3 കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, ഇന്റർനെറ്റ് കണക്ഷനും തിരഞ്ഞെടുക്കപ്പെട്ട സംരംഭകന് ഉണ്ടായിരിക്കേണ്ടതാണ്. ഒരു അക്ഷയകേന്ദ്രം റദ്ദുചെയ്യുന്നതും ലൊക്കേഷൻ മാറ്റുന്നതും അതാത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ്. സംരംഭക തിരഞ്ഞെടുപ്പിന്റെ ഇന്റർവ്യൂ ബോർഡിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ അംഗങ്ങളാണ്.

ആധാർ പദ്ധതി

206(2408) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പേർ ആധാർ കാർഡിന് അപേക്ഷ നൽകി ; വ്യക്തമാക്കുമോ ;

(ബി) ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഏതൊക്കെ ഏജൻസികളെയാണ് തെരഞ്ഞെടുത്തത് എന്നും പ്രസ്തുത ഏജൻസികൾവഴി സംസ്ഥാനത്ത് എത്ര പേർക്ക് ആധാർ കാർഡ് നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഏജൻസികൾക്ക് ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ എത്ര തുക പൊതു ഖജനാവിൽനിന്നും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ലക്ഷക്കണക്കിന് മലയാളികളുടെ നിർണ്ണായക വിവരങ്ങൾ വിവരസാങ്കേതിക വകുപ്പിന്റെ അറിവോടു കൂടി കെൽട്രോൺ സ്വകാര്യ കമ്പനിക്ക് കൈമാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കമ്പനിക്ക് കെൽട്രോൺ എത്ര രൂപ നൽകിയിട്ടുണ്ടെന്നും പ്രസ്തുത സ്വകാര്യ കമ്പനി ഏതാണെന്നും ഇതിന്റെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർ ആരൊക്കെയാണെന്നും ഇതിന്റെ ആസ്ഥാനം എവിടെയാണെന്നും വ്യക്തമാക്കുമോ ;

(എഫ്) ആധാർ പദ്ധതിയെ ശക്തമായി അനുകൂലിച്ച് സംസ്ഥാന സർക്കാർ 12-1-2014-ന് ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകാൻ തീരുമാനിച്ചിരുന്നോ ; എങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly